**കേരള സർക്കാർ**

**തദ്ദേശസ്വയംഭരണ(ഡി.എ.)വകുപ്പ്**

നം.77252/ഡി.എ.1/2010/തസ്വഭവ തിരുവനന്തപുരം, തീയതി: 29.12.2010

## സർക്കുലർ

വിഷയം:– തദ്ദേശ സ്വയംഭരണ വകുപ്പ് – തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2010–ലെ പുനസംഘടന – പദ്ധതി പരിശോധനാ ക്രമീകരണങ്ങൾ സംബന്ധിച്ച്.

സൂചന:–
1. സ.ഉ(എം.എസ്)നം.128/2007/തസ്വഭവ; തീയതി 14.05.2007.
2. സ.ഉ. (സാധാ.) നമ്പർ 1780/2008/തസ്വഭവ; തീയതി 24.06.2008.
3. സ.ഉ. (എം.എസ്) നമ്പർ 328/2008/തസ്വഭവ; തീയതി 11.12.2008.
4. സ.ഉ. (എം.എസ്) നമ്പർ 257/2010/തസ്വഭവ; തീയതി 06.11.2010.
5. സ.ഉ. (എം.എസ്) നമ്പർ 258/2010/തസ്വഭവ; തീയതി 08.11.2010.

2010 നവംബർ 1–ന് പ്രാബല്യത്തിൽ വന്ന പുനസംഘടനയുടെ ഭാഗമായി മാറ്റമുണ്ടായ തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2010–11 വാർഷിക പദ്ധതി തുടർന്ന് നടപ്പാക്കുന്നതിനുള്ള മാർഗരേഖ സൂചന 5 പ്രകാരം പുറപ്പെടുവിക്കുകയുണ്ടായി. പുനസംഘടന ബാധകമായിട്ടുള്ള തദ്ദേശഭരണ സ്ഥാപനങ്ങളുടെ നടപ്പ് വാർഷിക പദ്ധതിയിലെ അനുവദനീയമായ ഭേദഗതികൾ പരിശോധിച്ച് ശുപാർശ നൽകേണ്ട ടി.എ.ജി.കൾ ഏതൊക്കെയാണെന്നതിന് കൂടുതൽ വ്യക്തത ആവശ്യമുണ്ടെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

2. അടുത്ത വാർഷിക പദ്ധതി 2011 ജനുവരിയിൽ തയ്യാറാക്കി പരിശോധനയ്ക്കായി സമർപ്പിക്കപ്പെടുമെന്നുള്ള കാര്യം കൂടി പരിഗണിച്ച് പുനസംഘടന ബാധകമായ തദ്ദേശഭരണ സ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളം പതിനൊന്നാം പഞ്ചവത്സര പദ്ധതിയിലെ അവശേഷിക്കുന്ന കാലയളവിലെ പദ്ധതി പരിശോധനയ്ക്ക് ചുവടെ വിവരിക്കുന്ന പുനക്രമീകരണങ്ങൾ ഏർപ്പെടുത്തി സർക്കാർ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

### 2.1 പദ്ധതി പരിശോധന

| ക്രമ നമ്പർ | തദ്ദേശഭരണ സ്ഥാപനം | ചുമതലയുള്ള ടി.എ.ജി. |
|---|---|---|
| (1) | (2) | (3) |
| 1 | ഗ്രാമപഞ്ചായത്തുകൾ | പുനസംഘടനയെ തുടർന്ന് ഏത് ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലാണോ ഉൾപ്പെടുത്തിയിട്ടുള്ളത് ആ ബ്ലോക്ക് പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ബ്ലോക്ക്തല ടി.എ.ജി. |
| 2 | പുതിയ മുനിസിപ്പാലിറ്റികൾ (7 എണ്ണം) | ജില്ലാതല ടി.എ.ജി. |

### 2.2 മരാമത്ത് പ്രവൃത്തികൾക്ക് സാങ്കേതികാനുമതി

| ക്രമ നമ്പർ | തദ്ദേശഭരണ സ്ഥാപനം | ചുമതലയുള്ള ടി.എ.ജി. |
|---|---|---|
| (1) | (2) | (3) |
| 1 | ഗ്രാമപഞ്ചായത്തുകൾ | പുനസംഘടനയെ തുടർന്ന് ഏത് ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലാണോ ഉൾപ്പെടുത്തിയിട്ടുള്ളത് ആ ബ്ലോക്ക് പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ബ്ലോക്ക്തല ടി.എ.ജി. |
| 2 | പുതിയ മുനിസിപ്പാലിറ്റികൾ (7 എണ്ണം) | മുനിസിപ്പാലിറ്റി തല ടി.എ.ജി. |

2.3 നഗരസഭയിൽ കൂട്ടിച്ചേർത്ത ഗ്രാമപഞ്ചായത്ത് പ്രദേശത്തേയും ഇല്ലാതായ ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്തേയും നടപ്പ് വാർഷിക പദ്ധതിയിലെ ഭേദഗതി നിർദ്ദേശങ്ങളുടെ പരിശോധനാ ചുമതല ജില്ലാതല ടി.എ.ജി.ക്കായിരിക്കും.

2.4 നഗരസഭയിൽ കൂട്ടിച്ചേർത്ത ഗ്രാമപഞ്ചായത്ത് പ്രദേശത്തെ നടപ്പ് വാർഷിക പദ്ധതിയിലെ മരാമത്ത് പ്രവർത്തികൾക്ക് സാങ്കേതികാനുമതി നൽകേണ്ട ചുമതല ബന്ധപ്പെട്ട മുനിസിപ്പാലിറ്റി/കോർപ്പറേഷൻ തല ടി.എ.ജി.ക്കായിരിക്കും.

2.5 ഇല്ലാതായ ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്തെ നടപ്പ് വാർഷിക പദ്ധതിയിലെ മരാമത്ത് പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നൽകേണ്ട ചുമതല സൂചന 5–ലെ ഉത്തരവിന്റെ ഖണ്ഡിക 3.6 (1) പ്രകാരം പദ്ധതി നിർവഹണ ചുമതല നൽകിയ ബ്ലോക്ക് പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ബ്ലോക്ക് തല ടി.എ.ജി.ക്കായിരിക്കും.

2.6 പുതിയ 6 ബ്ലോക്ക് പഞ്ചായത്തുകളിൽ പദ്ധതി പരിശോധനയ്ക്കും സാങ്കേതികാനുമതി നൽകുന്നതിനുമുള്ള സബ്ഗ്രൂപ്പുകൾ ഉൾപ്പെടുന്ന ടി.എ.ജി.കളും പുതിയ 7 മുനിസിപ്പാലിറ്റികളിൽ സാങ്കേതികാനുമതി നൽകുന്നതിന് മാത്രമുള്ള സബ്ഗ്രൂപ്പുകൾ ഉൾപ്പെടുന്ന ടി.എ.ജി.കളും ബന്ധപ്പെട്ട ജില്ലാ ആസൂത്രണ സമിതികൾ രൂപീകരിക്കേണ്ടതാണ്. അതോടൊപ്പം നിലവിലുള്ള എല്ലാ ടി.എ.ജി.കളെ (ഇല്ലാതായ ബ്ലോക്ക് പഞ്ചായത്തിലെ ടി.എ.ജി.കൾ ഒഴികെ) പുനസംഘടിപ്പിക്കുകയും വേണം. ഇപ്രകാരം ടി.എ.ജി.കൾ പുതുതായി രൂപീകരിക്കുകയും പുനസംഘടിപ്പിക്കുകയും ചെയ്യുന്ന പ്രവർത്തനങ്ങൾ 2011 ജനുവരി ആദ്യവാരം തന്നെ പൂർത്തിയാക്കേണ്ടതാണ്.

2.7 പ്രവർത്തന ചെലവുകൾക്ക് വേണ്ട ഫണ്ട് നിലവിലുള്ള ജില്ലാ, ബ്ലോക്ക്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ തല ടി.എ.ജി.കൾക്ക് അനുവദിക്കുന്നതുപോലെ പുതുതായി രൂപീകരിക്കുന്ന 6 ബ്ലോക്ക് തല ടി.എ.ജി.കൾക്കും 7 മുനിസിപ്പാലിറ്റി തല ടി.എ.ജി.കൾക്കും ജില്ലാ പ്ലാനിംഗ് ഓഫീസർമാർ അനുവദിക്കേണ്ടതാണ്.

**എസ്.എം.വിജയാനന്ദ്**
പ്രിൻസിപ്പൽ സെക്രട്ടറി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

1 എല്ലാ ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2 എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
3 എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4 എല്ലാ മുനിസിപ്പൽ ചെയർപേഴ്സൻമാർക്കും സെക്രട്ടറിമാർക്കും
5 എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
6 എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൺമാർക്കും
7 സെക്രട്ടറി, ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്
8 മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, തിരുവനന്തപുരം
9 പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
10 ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
11 ഡയറക്ടർ, കേരളാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ
12 നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
13 ഡയറക്ടർ, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്മെന്റ്, കൊട്ടാരക്കര
14 എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
15 എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
16 ചീഫ് എൻജിനീയർ, തദ്ദേശസ്വയംഭരണവകുപ്പ്
17 എല്ലാ ജില്ലാ ആസൂത്രണ സമിതി മെമ്പർ സെക്രട്ടറിമാർക്കും (ജില്ലാ കളക്ടർമാർ)
18 എല്ലാ ടി.എ.ജി. ചെയർമാൻമാർക്കും മെമ്പർ സെക്രട്ടറിമാർക്കും
19 എല്ലാ ദാരിദ്ര്യ ലഘൂകരണ യൂണിറ്റ് പ്രോജക്ട് ഡയറക്ടർമാർക്കും
20 എല്ലാ കുടുംബശ്രീ ജില്ലാ മിഷൻ കോ–ഓർഡിനേറ്റർമാർക്കും

21 എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
22 എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
23 എല്ലാ അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ(ജനറൽ)മാർക്കും
24 എല്ലാ നഗരകാര്യ മേഖലാജോയിന്റ് ഡയറക്ടർമാക്കും
25 ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം
26 സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
27 ജനറൽ സെക്രട്ടറി, കേരളാഗ്രാമപഞ്ചായത്ത് അസോസിയേഷൻ
28 സെക്രട്ടറി, കേരളാബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ
29 സെക്രട്ടറി, മുൻസിപ്പൽ ചെയർമാൻമാരുടെ ചേമ്പർ
30 സെക്രട്ടറി, ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാരുടെ ചേമ്പർ
31 പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം
32 അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം
33 ഓഫീസ് കോപ്പി/കരുതൽ ഫയൽ

പകർപ്പ്:-

1. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ ഓഫീസ്
3. തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ ഓഫീസ്
4. തദ്ദേശസ്വയംഭരണ ഡി.ബി/ഡി.സി/ഡി.ഡി/എഫ്.എം. സെക്ഷനുകൾക്ക്